"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ- ഇടുക്കി ജില്ലയിലെ കർഷകരുടെ വ്യക്തിഗത അപേക്ഷകളിന്മേൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.186/2026/AGRI തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം. 1283/2015/കൃഷി തീയതി 28.07.2015
2. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 30.03.2022 തീയതിയിലെ PB.1706/21/KSFDRC/ID നമ്പർ കത്ത്
3. സഹകരണ സംഘം രജിസ്ട്രാറുടെ 05.07.2023 തീയതിയിലെ ജി(2) 3567/2022 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിൽ/ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ നൽകിയിരുന്ന വ്യക്തിഗത അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിച്ച 6 അവാർഡുകളിലായി ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക 4,41,075/- രൂപ അനുവദിക്കണമെന്ന് പരാമർശം ( 2 ) പ്രകാരം കമ്മീഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2 . പരാമർ ശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പരിശോധനകൾക്ക് ശേഷം 6 അവാർഡുകളിലായി ആകെ 4,41,075/- രൂപയ്ക്ക് ( നാല് ലക്ഷത്തി നാൽപത്തിയൊരായിരത്തി എഴുപത്തിയഞ്ച് രൂപ ) അർഹതയുണ്ടെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം പരിശോധിച്ച്, കടാശ്വാസ വിതരണത്തിനായി 2025-26 സാമ്പത്തിക വർ ഷത്തെ 2401-00-104-86(01)-34-03 NP ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ നിന്നും 4,41,075/- രൂപയ്ക്ക് ( നാല് ലക്ഷത്തി നാൽപത്തിയൊരായിരത്തി എഴുപത്തിയഞ്ച്

രൂപ ) ഇടുക്കി ജില്ലയിലെ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം (BAMS) വഴി അനുബന്ധ പ്രകാരം വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കൃഷി ഡയറക്ടർ 2401-00-104-86(01)-34-03 NP എന്ന ശീർഷകം ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റത്തിലെ (BAMS) ആവശ്യമായ വിഹിതവുമായി സഹകരണ സംഘം രജിസ്ട്രാർക്ക് ക്രോസ്സ് മാപ്പ് ചെയ്ത് നൽകേണ്ടതും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബഴ്സിംഗ് ഓഫീസർ (DDO) ടി തുക ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (BiMS) മുഖേന പിൻവലിച്ച് അനുബന്ധപ്രകാരമുള്ള സഹകരണ ബാങ്കുകൾക്ക് / സംഘങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

5. തുക വിതരണം ചെയ്ത ശേഷം കൃഷി ഡയറക്ടർ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി

ധനകാര്യ വകുപ്പ് ( 16.02.2026 തീയതിയിലെ E:2072273/Agri-C1/96/2022-FIN പ്രകാരം)

സഹകരണ വകുപ്പ്

വിവര പൊതുജന സമ്പർക്ക് വകുപ്പ് ( Web & New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vineesh Kumar G

Date: 23-02-2026 16:50:20

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

**<u>അനുബന്ധം</u>**

**<u>ഇടുക്കി</u>**

| ക്രമ നമ്പർ | ബാങ്കിന്റെ/ സംഘത്തിന്റെ പേര് | തുക |
|---|---|---|
| 1 | കുട്ടാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം കെ 373 | 7500 |
| 2 | നെടുങ്കണ്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം കെ 326 | 16875 |
| 3 | കാഞ്ചിയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം കെ 164 | 34200 |
| 4 | തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം കെ 281 | 207500 |
| 5 | ഇടുക്കി താലൂക്ക് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം ഐ 681 | 175000 |
| | **ആകെ** | **441075** |